വൈദ്യുതി ഉൽപ്പാദനത്തിനുള്ള ചെലവ്

*11 [448] ശ്രീ. എ. സി. ഷണ്മുഖദാസ്:
,, സി. കെ. നാണു:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന്റെ ആവശ്യത്തിനായി വൈദ്യുതി എവിടെനിന്നെല്ലാമാണ് വാങ്ങുന്നതെന്നും ആയതിലേക്ക് യൂണിറ്റിന് എത്ര രൂപ നൽകണമെന്നും വ്യക്തമാക്കാമോ;

(സി) ഈ വർഷം കേരളത്തിന്റെ ആവശ്യത്തിലേക്കായി പുറമെ നിന്ന് വാങ്ങുന്ന വൈദ്യുതിക്കായി എത്ര തുക നൽകേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 2004 ഏപ്രിൽ മുതൽ 2005 ഫെബ്രുവരി വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആവശ്യമായ വൈദ്യുതിയുടെ 51.19% ബോർഡിന്റെ ജല വൈദ്യുത നിലയങ്ങളിൽ നിന്നും താപ വൈദ്യുത നിലയങ്ങളിൽ നിന്നും ബാക്കി 48.81% വൈദ്യുതി വൈദ്യുതി ബോർഡൊഴിച്ചുള്ള സംസ്ഥാനത്തിനകത്തുള്ള മറ്റുനിലയങ്ങളിൽ നിന്നും പുറത്തുനിന്നുമായി വാങ്ങുന്നു.

(ബി) ഇന്ധനത്തിന്റെ വിലയ്ക്കനുസൃതമായി ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെങ്കിലും 2004 ഏപ്രിൽ മുതൽ 2005 ജനുവരി വരെയുള്ള കാലയളവിൽ വാങ്ങിയ വൈദ്യുതിക്ക് ഫിക്സഡ് കോസ്റ്റ്, വേരിയബിൾ കോസ്റ്റ്, വീലിംഗ് ചാർജ്ജ് എന്നീ ഇനങ്ങളിലുണ്ടായ ബോർഡിന്റെ ചെലവ് നിലയം/സ്ഥാപനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പുറമെനിന്നും വാങ്ങുന്ന വൈദ്യുതിക്കായി ഏകദേശം 1549 കോടി രൂപ നൽകേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

നെല്ലുല്പാദന രംഗത്ത് കൂട്ടുകൃഷി രീതി

*12 [449] ശ്രീ. കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, നാലകത്ത് സൂപ്പി:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി ലാഭകരമാക്കാൻ കൂട്ടുകൃഷി സമ്പ്രദായത്തിന് സാധിക്കുമോ എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[15-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *11(448)-ന്റെ ഉത്തരം ദയവായി കാണുക]

നിലയം/സ്ഥാപനം	അനുവദിച്ച മെഗാവാട്ട്	വാർഷിക ഫിക്സഡ് കോസ്റ്റ് (4/04-1/05) (കോടി രൂപ)	വേരിയബിൾ കോസ്റ്റ്/ യൂണിറ്റ്	വാർഷിക വീലിംഗ് ചാർജ്ജ് (4/04-1/05) (കോടിരൂപ)
(1)	(2)	(3)	(4)	(5)
1. എൻ.ടി.പി.സി. (രാമഗുണ്ടം)	309 MW	57.11	87	38.67
2. ഈസ്റ്റേൺ റീജിയൺ	74 MW (4/04-9/04) ഇപ്പോഴില്ല	14.70	99	5.17
3. താൽച്ചർ സ്റ്റേജ് II	262	87.35	47	23.38
4. എൻ.എൽ.സി. സ്റ്റേജ് I (നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ)	73	16.78	69	6.43
5. എൻ.എൽ.സി. സ്റ്റേജ് II	103.2	38.45	96	9.51
6. എൻ.എൽ.സി. (എക്സ്പാൻഷൻ)	77.7	16.24	93	7.25
7. എം.എ.പി.എക്സ്. (മദ്രാസ് അറ്റോമിക് പവർ സ്റ്റേഷൻ)	21.3	0	195 (ഫിക്സഡ് ചാർജ്ജുൾപ്പെടെ)	1.27
8. കൈഗ അറ്റോമിക് പവർ സ്റ്റേഷൻ	57.6	0	323 (ഫിക്സഡ് ചാർജ്ജുൾപ്പെടെ)	5.67
9. യു. ഐ. (അൺ ഷെഡ്യൂൾഡ് ഇന്റർചെയ്ഞ്ച്)		0	196	0
10. എൻ.ടി.പി.സി. കായംകുളം	180	94.46	329	30.05
11. ബി.എസ്.ഇ.എസ്	157	100	294	0
12. കെ.പി.സിഎൽ	2040	14.93	281	0
ആകെ		**440.03**		**127.40**

LIBRARY ARCHIVES Kerala Legislative Assembly